## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 745 — 17/07/2012-ൽ മറുപടിക്ക്

### കെ.എസ്.യു.ഡി.പി.യുടെ പ്രവർത്തന പുരോഗതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. മഞ്ഞളാംകുഴി അലി<br>(ബഹു.നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ഏഷ്യൻ വികസന ബാങ്കിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന കെ.എസ്.യു.ഡി.പി. യുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ജൂൺ 30 വരെയുള്ള ഭൗതിക നേട്ടം എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | (ബി) 100 പാക്കേജുകളുടെ നിർവ്വഹണത്തിൽ ലക്ഷ്യമിട്ടിരുന്ന പദ്ധതിയിൽ 29 പാക്കേജുകൾ പൂർത്തീകരിക്കുകയും 23 എണ്ണം സാമ്പത്തിക ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നതിന് മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. 27 പാക്കേജുകളുടെ പ്രവർത്തികൾ പുരോഗതിയിലും 6 പാക്കേജുകളുടെ വിശദ പദ്ധതിരേഖ തയ്യാറാക്കുന്ന ഘട്ടത്തിലുമാണ്. 3 പാക്കേജുകളുടെ കരാർ ഉറപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2 പാക്കേജുകൾ എ.ഡി.ബി യുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. 2 എണ്ണം സർക്കാരിന്റെ പരിഗണനയിലാണ്. ഉന്നതാധികാര സമിതിയുടെ അനുമതി ലഭിച്ച 2 പാക്കേജുകൾ തുടർനടപടികളിലാണ്. 2 പാക്കേജുകൾ ടെൻഡർ ക്ഷണിക്കുന്നതിനുള്ള ഘട്ടത്തിലാണ്. മതിയായ ടെൻഡറുകൾ ലഭ്യമാക്കാത്തതുമൂലം 4 പാക്കേജുകളുടെ പുനർ ടെൻഡർ നടപടികൾ സ്വീകരിച്ചു വരികയാണ്. ജൂൺ 30 വരെയുള്ള കാലാവധിയിൽ എഡിബി നിർദ്ദേശിച്ച ടാർജറ്റ് പ്രകാരം 100% പ്രവർത്തികൾ ഏൽപ്പിച്ചിട്ടുണ്ട്. 92% ശതമാനം തുക പ്രസ്തുത പ്രവർത്തികൾക്ക് ചെലവഴിച്ചിട്ടുണ്ട്. കൈവരിച്ച നേട്ടം 100% ആണ്. |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ രണ്ടുവർഷങ്ങളിൽ പദ്ധതി പ്രവർത്തനത്തിൽ മാന്ദ്യമുണ്ടായതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (സി) | സ്ഥലമെടുപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ, ഇതര സർക്കാർ വകുപ്പുകളുടെ സഹായത്തോടെ മാറ്റി സ്ഥാപിക്കേണ്ട പൊതു സൗകര്യ സംവിധാനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, ഇതര വകുപ്പുകളുടെ അനുമതി, പാരിസ്ഥിതിക അനുമതികൾ, ടെൻഡർ ലഭിക്കാനുള്ള ബുദ്ധിമുട്ട്, വൻ പദ്ധതികൾ ഏറ്റെടുക്കാനുള്ള കരാറുകാരുടെ വൈമനസ്യം എന്നിവയാണ് പ്രധാന കാരണങ്ങളായി വിലയിരുത്തപ്പെട്ടിട്ടുള്ളത്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് നീതിപൂർവ്വമാക്കാൻ സർവ്വേ നടത്തി അർഹരായവരുടെ/പ്രദേശത്തിന്റെ ലിസ്റ്റ് മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | കെ.എസ്.യു.ഡി.പി. പദ്ധതികളിൽ കോളനികളുടെ സമഗ്ര വികസനം/പോവർട്ടി സോഷ്യൽ ഫണ്ട് പദ്ധതികളിൽ മാത്രമാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. അതാത് കോർപ്പറേഷൻ കൗൺസിലുകൾ സർവ്വെ നടത്തി അർഹരായവരുടെ / പ്രദേശത്തിന്റെ ലിസ്റ്റ് തയ്യാറാക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ